നിനുള്ള അനുമതി നൽകി. എന്നാൽ 2004-05-ൽ 5 കോടി രൂപ അനുവദിച്ചിരുന്നു എങ്കിലും ബഡ്ജറ്റിൽ തുകയൊന്നും വകക്കൊള്ളിക്കുകയുണ്ടായില്ല. പദ്ധതി നടത്തിപ്പിന് ആവശ്യമായ തുക (വീടൊന്നിന് 20,000 രൂപ നിരക്കിൽ) ബോർഡ് ഫണ്ടിൽനിന്നും ചെലവഴിക്കുകയാണുണ്ടായത്. 2005-06 ബഡ്ജറ്റിലും തുകയൊന്നും വകക്കൊള്ളിച്ചിട്ടില്ല. 2004-05-ലെ 5 കോടി രൂപയും 2005-06-ൽ 5000 വീടുകൾക്ക് 10 കോടി രൂപയും ചേർത്ത് 15 കോടി രൂപ 2005-06-ലെ ബഡ്ജറ്റിൽ വകകൊള്ളിച്ച് ബോർഡിന് നൽകണമെന്ന ബോർഡിന്റെ ആവശ്യം പരിശോധിച്ചുവരുന്നു.

പട്ടം വില്ലേജിൽ സർക്കാർ ഏറ്റെടുത്ത മിച്ചഭൂമി

159 [1098] ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം താലൂക്കിൽ പട്ടം വില്ലേജിൽ തിരുവനന്തപുരം തഹസിൽദാരുടെ 26/12/1989-ലെ 6780/77-ാം ഉത്തരവ് പ്രകാരം ഏതെല്ലാം സർവ്വേ നമ്പറുകളിലായി എത്ര മിച്ചഭൂമി സർക്കാർ ഏറ്റെടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; ആയതിന്റെ സ്കെച്ചും ലാന്റ് രജിസ്റ്ററിന്റെ പകർപ്പും ലഭ്യമാക്കുമോ ;

(ബി) ഏറ്റെടുത്ത മിച്ചഭൂമി എത്ര കുടികിടപ്പുകാർക്കായി എത്ര മിച്ചഭൂമി പതിച്ചു നൽകിയിട്ടുണ്ടെന്നും ശേഷിക്കുന്നത് സർക്കാരിന്റെ കൈവശം എത്രയുണ്ടെന്നും വ്യക്തമാക്കാമോ ;

(സി) സർവ്വേ നമ്പർ 2153-ൽപ്പെട്ട മിച്ചഭൂമിയിൽ നിന്നും ഭൂമി ലഭിക്കുന്നതിന് ഏതെല്ലാം സംഘടനകളാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്നും അവയിൽ എത്ര എണ്ണത്തിന്റെ അന്വേഷണ റിപ്പോർട്ടുകൾ പൂർത്തിയായിട്ടുണ്ടെന്നും വെളിപ്പെടുത്താമോ ;

(ഡി) ഈ ഭൂമി സ്വകാര്യ വ്യക്തികൾ തട്ടിയെടുത്തതിനെ സംബന്ധിച്ച് സർക്കാർ ഉത്തരവായിട്ടുള്ളതിൻമേൽ നാളിതുവരെയായി എന്തെല്ലാം തുടർ നടപടികൾ പൂർത്തീകരിച്ചുവെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചു വരുന്നു.

സൗജന്യ നിരക്കിൽ പതിച്ചു നൽകിയ സർക്കാർ ഭൂമി

160 [1099] ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെയായി ഏതെല്ലാം സാമുദായിക സംഘടനകൾക്ക് എത്ര ഹെക്ടർ സർക്കാർ ഭൂമി സൗജന്യ നിരക്കിൽ പതിച്ചു നൽകിയെന്നും ഇപ്രകാരം എത്ര ഹെക്ടർ ഭൂമി ഓരോ സംഘടനയ്ക്കും നൽകിയെന്നും അതിന് നിശ്ചയിച്ച വില എത്രയായിരുന്നുവെന്നും വിശദമാക്കാമോ ;

(ബി) അന്തരിച്ച സാഹിത്യ സാംസ്കാരിക നായകന്മാരായ വി. ടി. ഭട്ടതിരിപ്പാട്, കുറ്റിപ്പുഴ കൃഷ്ണപിള്ള, എ. ടി. കോവൂർ, എം. സി. ജോസഫ്, പൊൻകുന്നം വർക്കി എന്നിവരുടെ സ്മാരകം നിർമ്മിക്കാൻ നാളിതുവരെയായി സർക്കാർ ഭൂമി അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly